**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4624** **02-07-2024 - ൽ മറുപടിയ്ക്ക്**

**നാട്ടാനകളുടെ പരിപാലനത്തിനുള്ള നിയമവ്യവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാട്ടാനകളുടെ പരിപാലനത്തിനായി പ്രത്യേക നിയമവ്യവസ്ഥ നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നാട്ടാനകളുടെ പരിപാലനത്തിനായി പ്രത്യേക നിയമ വ്യവസ്ഥ നിലവിലുണ്ട്. 2012 ലെ കേരള നാട്ടാന (പരിപാലനവും കാര്യകർതൃത്വവും) ചട്ടങ്ങൾ പ്രകാരമാണ് കേരളത്തിൽ നാട്ടാന പരിപാലനം നടന്നു വരുന്നത്. |
| (ബി) | നാട്ടാനകളുടെ പരിപാലനത്തിനായി വെബ് പോർട്ടൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. നാട്ടാനകളുടെ പരിപാലനത്തിനായി നിലവിൽ വെബ് പോർട്ടലില്ല. |
| (സി) | നാട്ടാനകളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | കേരളത്തിലെ നാട്ടാനകളുടെ പരിപാലനത്തിനായി സംസ്ഥാന സർക്കാർ 2003 ൽ കേരള നാട്ടാന (പരിപാലനവും കാര്യകർതൃത്വവും) ചട്ടങ്ങൾ രൂപീകരിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾക്കു പകരമായി 2012 ൽ കേരള നാട്ടാന (പരിപാലനവും കാര്യകർതൃത്വവും) ചട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി. ടി ചട്ടങ്ങൾ പ്രകാരമാണ് നിലവിൽ നാട്ടാന പരിപാലനം നടന്നു വരുന്നത്. നാട്ടാന പരിപാലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ടി ചട്ടങ്ങൾ അതിലംഘിച്ചു കൊണ്ടുള്ള പുതിയ ചട്ടങ്ങളുടെ കരട് ഉചിത തലങ്ങളിൽ ചർച്ച ചെയ്തു അന്തിമമാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ഡി) | നാട്ടാനകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര നിയമത്തിന് അനുസൃതമായി സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (ഡി) | നാട്ടാനകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര നിയമത്തിന് അനുസൃതമായി സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിക്കാൻ കാലതാമസം നേരിട്ടിട്ടില്ല. 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ വകുപ്പ് 64 (2) പ്രകാരം സംസ്ഥാനത്തിന് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് 2003 ൽ തന്നെ സംസ്ഥാന സർക്കാർ കേരള നാട്ടാന (പരിപാലനവും കാര്യകർതൃത്വവും) ചട്ടങ്ങൾ രൂപീകരിച്ചിരുന്നു. നാട്ടാന പരിപാലനത്തിനായി ചട്ടങ്ങൾ രൂപീകരിച്ച രാജ്യത്തെ ആദ്യ സംസ്ഥാനം കേരളമാണ്. |

സെക്ഷൻ ഓഫീസർ